റേഷൻ മൊത്തവ്യാപാര ഏജൻസി

564 [770] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റേഷൻ മൊത്തവ്യാപാരം സിവിൽസപ്ലൈസ് കോർപ്പറേഷനെ ഏൽപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

റേഷൻ മൊത്തവിതരണം ഏറ്റെടുത്ത് നടത്താൻ സിവിൽസപ്ലൈസ് കോർപ്പറേഷൻ സന്നദ്ധമല്ലാത്തതുകൊണ്ട് റേഷൻ മൊത്തവിതരണം അവരെ ഏൽപ്പിക്കുവാൻ നിർവ്വാഹമില്ല.

റേഷൻകട ഉടമകളുടെ കളക്ടറേറ് പിക്കറിംഗ്

565 [771] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986 സെപ്റ്റംബർ മാസം ഓണ വാരത്തിൽ സൗജന്യ റേഷൻ കൊടുത്ത ഇനത്തിൽ റേഷൻകട ഉടമകൾക്ക് പൈസ കിട്ടാത്ത നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് അവർ നടത്തിയ കളക്ടറേറ് പിക്കറിംഗും പ്രതിഷേധവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വകയിൽ കൊടുക്കാനുള്ള തുക എത്ര ; അതിൽ എത്ര തുക കൊടുത്തു ; ബാക്കി എത്ര ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

പിറവത്തൊരു മാവേലിസ്റ്റോർ

566 [772] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവത്തൊരു മാവേലിസ്റ്റോർ തുടങ്ങണമെന്ന ആവശ്യം ഗവൺമെൻറ് പരിഗണിക്കുമോ ;

(ബി) അതിൻെറ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പിറവത്ത് മാവേലിസ്റ്റോർ ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ സാധിക്കുമോ എന്നകാര്യം പരിശോധിക്കുകയാണ്.

മാവേലിസ്റ്റോർ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങൾ

567 [773] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മാവേലിസ്റ്റോറുകൾവഴി എന്തെല്ലാം ഭക്ഷ്യസാധനങ്ങളാണ് വിതരണം ചെയ്യുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly